**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **12-06-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം നഗരത്തിലുള്ള ഓടകൾ വൃത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ എറണാകുളം നഗരത്തിൽ എത്ര ഓടകൾ, കാനകൾ, തോടുകൾ എന്നിവയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തോടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലാണ് ഉൾപ്പെടുന്നത്. ഓടകൾ, കാനകൾ എന്നിവ പി.ഡബ്ല്യൂഡി, എൽ.എസ്.ജി.ഡി എന്നിവയുടെ കീഴിലാണ് വരുന്നത്. |
| (ബി) | ആയവ മഴക്കാലത്തിന് മുൻപായി വൃത്തിയാക്കി നീരൊഴുക്ക് ഉറപ്പാക്കാൻ ഈ വർഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഏതു സമയത്താണ് പ്രവൃത്തികൾ നടപ്പാക്കിയത്; ഇതിനായി എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മഴക്കാലത്തിനു മുൻപായി തോടുകൾ വൃത്തിയാക്കി നീരൊഴുക്ക് ഉറപ്പാക്കാൻ ഈ വർഷം നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1)മഴക്കാലത്തിനു മുൻപായി നീരൊഴുക്ക് സുഗമമാക്കുന്നതിന് ഈ വർഷം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 09-05-2024 ലെ ഉത്തരവ് നമ്പർ CEIA/4306/2023-DBI(W3)(1) പ്രകാരം മൺസൂൺ മുന്നൊരുക്ക ഫണ്ടിന് സാമ്പത്തികാനുമതി നൽകിയിരുന്നു.<br><br>I.i.)മൺസൂൺ മുന്നൊരുക്ക ഫണ്ട് ഉപയോഗിച്ച് ഇടപ്പള്ളി തോടിന്റെ പൈപ്പ് ലൈൻ ബ്രിഡ്ജ് മുതൽ പാലച്ചുവട് ബ്രിഡ്ജ് വരെയുള്ള തടസം നീക്കം ചെയ്യുന്ന പ്രവൃത്തി- (അടങ്കൽ തുക 6.70 ലക്ഷം.)<br><br>II)എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി 3 പ്രവൃത്തികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ ചെയ്യുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1)ഇടപ്പള്ളി തോടിന്റെ അവസാന ഭാഗത്തും ഉതിയൂരിൽ ചമ്പക്കര കനാലിനോട് ചേരുന്ന ഭാഗവും വൃത്തിയാക്കൽ -(അടങ്കൽ തുക 8 ലക്ഷം.)<br><br>2)കടമക്കേരി തോടും ഇടപ്പിള്ളി തോടിനോട് ചേരുന്ന ഭാഗവും 2 കി.മീ. വൃത്തിയാക്കുന്ന പ്രവൃത്തി – ( |

| | | | |
|---|---|---|---|
| | | | അടങ്കൽ തുക 4.5 ലക്ഷം)<br><br>3)പാലച്ചുവട് പാലം മുതൽ സ്റ്റീൽ പാലം വരെയുള്ള 3 കി.മീ. ചമ്പക്കര കനാലിലേക്ക് ചേരുന്ന ഭാഗം വൃത്തിയാക്കുന്ന പ്രവൃത്തി - (അടങ്കൽതുക 10 ലക്ഷം.)<br><br>മേൽ പറഞ്ഞവ കൂടാതെ എറണാകുളം നഗരപരിധിക്കുള്ളിൽ ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികളായ :-<br><br>1. Renovation of Mullassery canal from KSRTC bus station to Kayal Mouth near Indira Priyadarsini Childrens Park – (AS amount 12 crore, ചെലവഴിച്ച തുക- ₹ 29782529/-)<br><br>2.Flood mitigation in Kammattipadam area including reconstruction of culverts, reconnecting drains, side protection works near culvert at TP canal in Ernakulam District – (AS amount 250 lakhs, ചെലവഴിച്ച തുക- ₹6926202/-) എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നഗരപരിധിയിലെ വെള്ളക്കെട്ടിന് ഒരു പരിധി വരെ പരിഹാരമാകും. |

സെക്ഷൻ ഓഫീസർ